# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി പി4/1306/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 05/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി പി4/1306/2023 തീയ്യതി: 05/10/2023

## കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-10-2022 മുതൽ 05-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 14-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 14-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.ജാസിർ സി.എം ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.വിജേഷ് കെ.കെ ഓഡിറ്റർ,
ശ്രീ.ബിബിൻ ഇ.സി.ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രൂപലേഖ കൊമ്പിലാട് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഗിരീഷ് എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സജിത്.കെ.പി | അസി.സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീ.രഞ്ജിത് ആർ | അസി.സെക്രട്ടറി | 15-10-2022 | 31-03-2023 |
| ശ്രീമതി.ലിജിന എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.സക്കിയ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.വിദ്യ പി | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി.ഷെൽജ പി | കൃഷി ഓഫീസർ | 30-07-2022 | 05-08-2022 |
| ശ്രീമതി.ശുഭശ്രീ എസ് | കൃഷി ഓഫീസർ | 06-08-2022 | 02-10-2022 |
| ശ്രീമതി.വിധു എം | കൃഷി ഓഫീസർ | 03-10-2022 | 31-03-2023 |
| ഡോ.അമല്യ നജീബ് | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.സുമയ്യ തോടങ്ങൽ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.മുഹമ്മദ് കബീർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 11-04-2022 |
| ഡോ.തൻസീറ കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 12-04-2022 | 31-03-2023 |
| ശ്രീ.വിശാന്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.സന്തോഷ് ബാബു എൻ.സ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രസന്നകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ ഷിബു.വി | വി.ഇ,ഒ കോക്കല്ലൂർ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മി ശശീന്ദ്രൻ | വി.ഇ,ഒ ബാലുശ്ശേരി സർക്കിൾ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാങ്ക് റീ-കൺസിലിയേഷൻ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-3 |
| 5 | പണമാക്കാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-4 |
| 6 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ തുക പിൻവലിച്ച് ചെലവ് ചെയ്തു. | 1-1-5 |
| 7 | നീക്കിയിരിപ്പ് തുകകളും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല | 1-1-9 |
| 11 | സ്ഥാപനത്തിന്റെ മുഴുവൻ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | എ.സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം | 1-1-11 |
| 13 | പദ്ധതി അവലോകനം | 1-2 |
| 14 | ബജറ്റ് | 1-3 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3-1 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 19 | തൊഴിൽ നികുതി - ഡിമാന്റ് പൂർണ്ണമല്ല. | 1-7 |
| 20 | ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ | 1-8 |
| 21 | സംരംഭക ലൈസൻസ് -അപാകതകൾ | 1-9 |
| 22 | അനധികൃത നിർമ്മാണ്ണം- കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് നൽകി തനത് വരുമാനത്തിൽ നഷ്ടം | 1-10 |
| 23 | ടാക്സ് ഓഡിറ്റ് - പൊതു പരാമർശങ്ങൾ | 1-11 |
| 24 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല. | 1-12 |

| | | |
|---|---|---|
| 25 | ടേക്ക് എ.ബ്രേക്ക് പദ്ധതിനടത്തിപ്പിലെ അപാകതകൾ | 1-13 |
| 26 | കരാർ വെക്കാൻ കാലതാമസം - പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-14 |
| 27 | റോഡ് വർക്കിലെ ഐറിഷ് ഡ്രൈൻ പ്രവൃത്തിക്ക് അധിക നിരക്കുള്ള ഐറ്റം ക്വോട്ട് ചെയ്തു. ചെലവിനത്തിൽ പഞ്ചായത്തിന് നഷ്ടം | 1-15 |
| 28 | ആസ്തി രജിസ്റ്റർ-റോഡ് കണക്റ്റിവിറ്റി മാപ്പിഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 29 | പൊതുമരാമത്ത് പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല | 1-17 |
| 30 | തൊഴിലുറപ്പ് മെറ്റീരിയൽ വർക്കുകളുടെ ജി.എസ്.ടി (ടി.ഡി.എസ്) നാളിതുവരെ അടവാക്കിയില്ല. | 1-18 |
| 31 | ബാലുശ്ശേരി കുടിവെള്ള പദ്ധതി - നടത്തിപ്പിലെ അപാകതകൾ | 1-19 |
| 32 | ബഡ്സ് സ്കൂൾ ടീച്ചർക്കും ഹെൽപ്പർക്കും ഹോണറേറിയം മുൻകൂർ നൽകി | 1-20 |
| 33 | യു.പി.എസിന് എ.എം.സി വെക്കൽ - സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ലഭ്യമല്ല | 1-21 |
| 34 | തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ - രജിസ്റ്റർ സൂക്ഷിച്ചതിലെ അപാകതകൾ | 1-22 |
| 35 | പദ്ധതി ആസൂത്രണ നിർവ്വഹണ ചെലവുകൾക്ക് ഒന്നിലധികം പ്രൊജക്ടുകൾ നടപ്പിലാക് | 1-23 |
| 36 | തരിശുനില ഇടവിളകൃഷിക്ക് സബ്സിഡി നൽകിയത് വ്യവസ്ഥകൾ പാലിക്കാതെ | 1-24 |
| 37 | അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചില്ല | 1-25 |
| 38 | എസ്.എസ്.കെ വിഹിതം നൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-26 |
| 39 | പദ്ധതി മാർഗ്ഗരേഖയിൽ പാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകി | 1-27 |
| 40 | ചെറുകിട തൊഴിൽ സംരംഭം വനിത- ഗ്രൂപ്പിന് സംരംഭക സബ്സിഡി അനുവദിച്ചതിലെ അപാകതകൾ | 1-28 |
| 41 | മാലിന്യ നിർമാർജ്ജനം-ഗ്രീൻ വേംസ് കമ്പനിയ്ക്ക് തുക കൈമാറൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-29 |
| 42 | ഫിഷറീസ് / വനിതാ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല | 1-30 |
| 43 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-31 |
| 44 | അധികരിച്ച നിരക്കിൽ ഫർണ്ണിച്ചർ വാങ്ങിയത് | 1-32 |
| 45 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല. | 1-33 |
| ഭാഗം **2** | | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അധികരിച്ച നിരക്കിൽ ഫർണ്ണിച്ചർ വാങ്ങിയത് | 3-1. |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 10.07.23 തീയതിയിലെ 4/1 തീരുമാന പ്രകാരം തയ്യാറാക്കി 13.07.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്ക് റീ-കൺസിലിയേഷൻ തുകകൾ ക്രമീകരിച്ചിട്ടില്ല

ബാങ്ക് -റീകൺസിലിയേഷൻ പത്രികയിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഉദാ-ചെക്ക് നമ്പർ-69634/29.03.2023 തുക-3375/-(ബാലുശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്)

1-1-4 പണമാക്കാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

സ്ഥാപനം ഇഷ്യൂ ചെയ്തതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

1-1-5 ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ തുക പിൻവലിച്ച് ചെലവ് ചെയ്തു.

ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ തുക പിൻവലിച്ച് ചെലവ് ചെയ്തു.

ബാലുശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള ചെക്ക് നമ്പർ-69634/31.03.2023 തുക-3375/-പിൻവലിച്ചിട്ടുണ്ട്. ആയത് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

1-1-6 നീക്കിയിരിപ്പ് തുകകളും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ് ഇനത്തിലുള്ള നീക്കിയിരിപ്പ് തുകകളും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഡെപ്പോസിറ്റ് ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|---|
| 1 | Bidders EMD | 1024796 | 958746 |
| 2 | Bidders Security Deposit | 468932 | 418932 |
| 3 | Contractors Retension | 10498 | 14408 |
| 4 | Deposit Recieved From Others | 149220 | 133100 |

| | | | |
|---|---|---|---|
| 5 | Auction Deposit | 53200 | 133051 |

1-1-7 ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വാർഷികകണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഉദാ-ലോൺ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ

1-1-8 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

1-1-9 ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല

ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ആയത് ജേർണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

1-1-10 സ്ഥാപനത്തിന്റെ മുഴുവൻ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്ഥാപനത്തിന്റെ മുഴുവൻ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ-തരിപ്പാക്കുനി-മല കുടിവെള്ള പദ്ധതിക്കായി 6/09/2022 ന് ഗ്രാമപഞ്ചായത്തിന് സ്ഥലം ദാനാധാരപ്രകാരം ലഭിച്ചിട്ടുണ്ടെങ്കിലും ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 എ.സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം

വികസന ഫണ്ടിന്റെ (ജനറൽ ) ചെലവ് 16656968 രൂപ (ACR പ്രകാരം ചെലവായ 15421568 രൂപ + സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 1235400 രൂപ) ആയത് വാർഷിക കണക്കിൽ ഇൻകം & എക്സ്പെൻഡിച്ചർ I-6 ഷെഡ്യൂളുകളിലാണ് ഉൾപ്പെടുക. എന്നാൽ I-6 ഷെഡ്യൂളിൽ വികസന ഫണ്ട് ജനറൽ ഇനത്തിൽ ആകെ ചെലവ് തുക 17439650/- രൂപയാണ്. ഇവ തമ്മിൽ 782682/- രൂപ വ്യത്യാസം കാണിക്കുന്നു.

1-2 പദ്ധതി അവലോകനം

തൻവർഷം 159 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 130 പ്രൊജക്ടുകൾ നടപ്പിലാക്കി. 29 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

വികസനഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി, ടി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ്-റോഡ്, മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് എന്നീ ഇനങ്ങളിലെ തുക മുഴുവനായും സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) ലഭിച്ച തുകയിൽ 675367/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിച്ച 159 പദ്ധതികളിൽ 29 എണ്ണം നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

1-3 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 18.03.2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 13.03.2023 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3-1 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21719222 |
| വരവ് | 49452111 |
| ആകെ | 71171333 |
| ചെലവ് | 44203480 |
| നീക്കിയിരിപ്പ് | 26967853 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15421568 | 15421568 | 15421568 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7590016 | 7590016 | 7590016 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 135402 | 135402 | 135402 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6032000 | 6032000 | 6032000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5542000 | 5542000 | 5542000 | 0 |
| സെൻട്രൽ ഫിനാൻ സ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് (Tied) | PFMS | 2746795 | 5207000 | 7953795 | 5089205 | 2864590 |
| | TREASURY | 0 | 1726737 | 1726737 | 1403754 | |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ് (Untied) | PFMS | 1340895 | 3638956 | 4979851 | 4691863 | 287988 |
| | TREASURY | 0 | 1122577 | 1122577 | 770193 | 352384 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ -

1.സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ടൈഡ്+അൺടൈഡ്(പി.എഫ്.എം.എസ്) ഇനത്തിൽ ഗ്രാന്റ് വിനിയോഗപത്രിക പ്രകാരം ബാലൻസ് തുക 3152578/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ബാലൻസ് തുക 4195777/- രൂപയാണ്. ഇവ തമ്മിൽ 1043199/-രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

2.മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് എന്നീ ഇനങ്ങളിലെ ചെലവ് തുക എ.സി.ആർ-മായി പൊരുത്തപ്പെടുന്നില്ല.

## 1-5 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ് യഥാസമയങ്ങളിൽ വിളിച്ച് ചേർക്കുന്നുണ്ട്. 2018-19 വരെയുള്ള ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചെങ്കിലും 1999-2000 മുതലുള്ള ഓഡിറ്റ് പരാമർശങ്ങൾ ഇനിയും തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. 2021-22 ഓഡിറ്റ് റിപ്പോർട്ടിന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ കാണിക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഭൂസ്വത്ത് രജിസ്റ്റർ 2019-20 വർഷം വരെ മാത്രമേ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളൂ. ഭൂസ്വത്ത് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നടത്തിപ്പിലെ അപാകത കാരണം ബാലുശ്ശേരി കുടിവെള്ള പദ്ധതി (മഞ്ഞപ്പാലം കുടിവെള്ള പദ്ധതി) ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത വരുത്തി വെക്കുന്നുണ്ട്. പ്രവർത്തന ചെലവിന് ആനുപാതികമായ വെള്ളക്കരം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കെട്ടിടനികുതി, സംരംഭക ലൈസൻസ്, തൊഴിൽനികുതി എന്നീ ഇനങ്ങളിൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ പ്രകാരം 3558 വാണിജ്യ കെട്ടിടങ്ങളുണ്ടെങ്കിലും 1289 സ്ഥാപനങ്ങൾക്കു മാത്രമേ ലൈസൻസ് നൽകിയതായി കാണുന്നുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-08-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44,375/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 തൊഴിൽ നികുതി - ഡിമാന്റ് പൂർണ്ണമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, റേഷൻഷോപ്പ് ഉടമകൾ, ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി നടത്തിയ കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും കണ്ടെത്തി അവയിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

3. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 205 ബി പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെ കുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയേയോ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. (ചട്ടം 13) എന്നാൽ ഇപ്രകാരം നോട്ടീസ് നൽകിയതായി കാണുന്നില്ല.

5.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ട്യൂഷൻ/പി.എസ്.സി പരിശീലന കേന്ദ്രങ്ങൾ, ഡ്രൈവിംഗ് സ്കൂൾ തുടങ്ങിയവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

ഫീൽഡ് പരിശോധനയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലഭ്യമായ വരുമാന സ്രോതസ്സുകളിൽ നിന്നും തൊഴിൽനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാവരും ഗ്രാമപഞ്ചായത്തിന്റെ ക്ഷേമപെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നില്ല. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്ന ഈ ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ഉദാ- ശ്രീ.വിജയൻ (പെൻഷണർ ഐ.ഡി-110280202751) എന്നയാൾ 01-11-2022 തീയതിയിൽ മരണപ്പെട്ടിരുന്നു. ടിയാൻ മരണപ്പെട്ട ശേഷം 2023 ഫെബ്രുവരി മാസം വരെ വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 6400/- രൂപ ടിയാന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടിയാന്റെ മരണവിവരം മകൻ ഗ്രാമപഞ്ചായത്തിലേക്ക് റിപ്പോർട്ട് ചെയ്തത് 30-06-2023 ന് മാത്രമാണ്. ടിയാന്റെ മരണം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വരെ ടിയാന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്യപ്പെടുകയായിരുന്നു. ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്നത് യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. അനർഹമായി കൈപ്പറ്റിയ 6400/- രൂപ അവകാശികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് നം- 07/2020/ധന തീയതി-23.10.2020 പ്രകാരം സർക്കാർ ജീവനക്കാർ, സർവ്വീസ് പെൻഷനർമാർ/കുടുംബ പെൻഷനർമാർ എന്നിവർ അനർഹമായി സാമൂഹ്യസുരക്ഷ പെൻഷൻ കൈപ്പറ്റിയത് തിരികെ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത്

ഇപ്രകാരം അനർഹമായി പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും മുഴുവൻ തുകയും തിരികെ ഈടാക്കിയിട്ടില്ല. നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 സംരംഭക ലൈസൻസ് -അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2023 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 3851 (259 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 1289 സ്ഥാപനങ്ങളിൽ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നൽകിയിട്ടുള്ള 3558 കെട്ടിടങ്ങൾ ഉണ്ടെന്നിരിക്കെ (259 വേക്കൻസി റെമിഷൻ+ഡിമോളിഷ് ചെയ്തത്-34) 1728 കെട്ടിടങ്ങൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി 87% ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യൂ.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 1170 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 34 |
| 3 | ഷോപ്പിംഗ് മാളുകൾ | 3 |
| 4 | പബ്ലിക് മാർക്കറ്റ് | 4 |
| 5 | ഹോട്ടൽ/ഫുഡ് കോർട്ട് | 86 |
| 6 | സലൂൺ / സ്പാ | 52 |
| 7 | ഓഫീസ് കെട്ടിടങ്ങൾ | 143 |
| ആകെ | | 1492 |

ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റും സംരംഭക ലൈസൻസ് സംബന്ധിച്ച ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ലൈസൻസ് ഫീ ഇനത്തിലെ വരുമാന വർദ്ധനവ് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-10 അനധികൃത നിർമ്മാണ്ണം- കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് നൽകി തനത് വരുമാനത്തിൽ നഷ്ടം

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ വാർഡ് 16 ൽ ബാലുശ്ശേരി വില്ലേജ് റീസർവ്വെ നമ്പർ 11/1, 8/4, 14/2, 19/2A, 2B എന്നിവയിൽപ്പെട്ട 3198.66 സെന്റ് സ്ഥലത്ത് ശ്രീ. അനിൽ കുമാർ വി. ചെയർമാൻ, അഞ്ജനേയ മെഡിക്കൽ ട്രസ്റ്റ് ഉടമസ്ഥതയിൽ മലബാർ മെഡിക്കൽ കോളേജിന്റെ അനധികൃതമായി നിർമ്മിച്ച 1032.9 ച.മീ, 1864.63 ച.മീ. വിസ്തൃതിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾക്കും, 1828.77 ച.മീ. വിസ്തൃതിയിൽ ബോയ്സ് ഹോസ്റ്റലിനും അനധികൃത നമ്പർ അനുവദിച്ച് 2013-14 മുതൽ നികുതി ഈടാക്കിയിട്ടുണ്ട്, ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നമ്പർ

16/123 A- സ്റ്റാഫ് ക്വാർട്ടേഴ്സ്, 6/123 B- സ്റ്റാഫ് ക്വാർട്ടേഴ്സ്, 16/123 C-ബോയ്സ് ഹോസ്റ്റൽ എന്നിവയ്ക്ക് U/A നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. മേഖല

പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന 16/123 A, 16/123 B, 16/123 C എന്നീ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

3. വഴി സൗകര്യം

16/123 A, 16/123 C എന്നീ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയത് മൊടക്കല്ലൂർ ഹോസ്പിറ്റൽ റോഡിന് 1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം എന്നും, 16/123 B കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് നൽകിയത് മൊടക്കല്ലൂർ ഹോസ്പിറ്റൽ റോഡിന് 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം എന്നും കാണുന്നു.

4. അടിസ്ഥാന നികുതി നിരക്ക്

ഫോം.6 പരിശോധിച്ചതിൽ കെട്ടിട നമ്പർ 16/123 A, 16/123 B, 16/123 C എന്നിവയ്ക്ക് 4 രൂപ നിരക്കിൽ തെറ്റായി നികുതി നിർണ്ണയിച്ചിട്ട് പിന്നീട് ഡിമോളിഷ് ചെയ്ത കെട്ടിടങ്ങൾക്ക് (16/123 D(UA), 16/123 E(UA)) നികുതി നിർണ്ണയിച്ചപ്പോൾ 40 രൂപ നിരക്കിലും ഈടാക്കിയതായി കാണുന്നു. സ്വകാര്യ ഹോസ്റ്റലിനും, ക്വാർട്ടേഴ്സിനും ബാധകമായ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/2022- 23, തീയതി- 14/08/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളും, നടപടിക്രമങ്ങളും പാലിക്കാതെ നികുതി നിർണ്ണയിച്ചതിനാൽ ഈടാക്കിയ വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ട്.

കെട്ടിടത്തെ അനധികൃത കെട്ടിടമായി കണക്കാക്കി നികുതി പുനർനിർണ്ണയിച്ച് നിർമ്മാണം പൂർത്തിയായ ഏരിയയ്ക്കനുസൃതമായി മൂന്ന് ഇരട്ടി വസ്തുനികുതി പിഴയായി ചുമത്തി അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള ചട്ടപ്രകാരമുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഇവയുടെ വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-11 ടാക്സ് ഓഡിറ്റ് - പൊതു പരാമർശങ്ങൾ

01/04/2023 ൽ പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

05/04/2023 ലെ സ.ഉ.(അച്ചടി) നം. 25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധ ഇനങ്ങളിലായി വീണ്ടും വിഭജിച്ചാണ്

ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി 17/06/2023 ലെ 19(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 17/07/2023 ലെ SC5/4545/23 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി 5% വർദ്ധനവ് വരുത്തിയാണ് ഈടാക്കുന്നത്. 2023-24 വർഷത്തെ നികുതി പുതിയ നിരക്കിൽ നിർണ്ണിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള മാറ്റങ്ങൾ കാലികമാക്കായിട്ടില്ല.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും(കരട്) ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 4/- | 8/ - |
| സ്വകാര്യ ഹോസ്റ്റൽ | 50/- | 60/- |
| മൊബൈൽ ടവർ | 500/- | 600/- |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം അന്തിമ വിജ്ഞാപനം, നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കാനുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 22-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം | പ്രോജക്ട് നം | കരാർ തീയതി | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് | സൈറ്റ് കൈമാറിയ തീയതി | പ്രവത്തി പൂർത്തിയാക്കിയ തീയതി | Agreed PAC | ഈടാക്കിയ പിഴ | കരാറുകാരൻ |
|---|---|---|---|---|---|---|---|---|
| 1 | 158/22-23 | 07-10-2022 | One | 07-10-2022 | 22-03-2023 | 222090/- | 6663/- | ഗിരീഷ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (ബാലുശ്ശേരി കുടിവെള്ള പദ്ധതി നടപ്പാത) | Month | | | | | | കുമാർ, കോമത്ത്. |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തീയതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് മറുപടി നൽകേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 ടേക്ക് എ.ബ്രേക്ക് പദ്ധതിനടത്തിപ്പിലെ അപാകതകൾ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തീയതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020 /ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകുകയും ചെയ്തു.

മേൽ ഉത്തരവുകളുടെ ഭാഗമായി ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തികവർഷത്തിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി 22,27,000/-രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി പഞ്ചായത്ത് കണ്ടെത്തിയ സ്ഥലം കൊയിലാണ്ടി-എടവണ്ണ റോഡിൽ പറമ്പിന്റെ മുകൾ പാറക്കുളം ബസ് സ്റ്റോപ്പിന് അടുത്തായുള്ള സ്ഥലത്തായിരുന്നു. എന്നാൽ പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം പാറയായതിനാൽ നിർമ്മാണച്ചെലവ് അധികരിക്കുമെന്നും പ്രസ്തുത സൈറ്റിന്റെ പിൻവശം സ്റ്റീപ്പ് ഏരിയ ആയതിനാലും കെട്ടിട നിർമ്മാണ ചട്ടപ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന് സെറ്റ് ബാക്ക് ലഭ്യമല്ലാത്തതിനാലും പ്രസ്തുത സൈറ്റ് ടേക്ക് എ ബ്രേക്കിന് അനുയോജ്യമല്ല എന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് 23-03-2022 ന് കത്ത്

നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രസ്തുത സ്ഥലത്തു നിന്ന് മാറ്റുകയും 2022-23 ൽ 30 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് നമ്പർ 191/23 ആയി ടേക്ക് എ ബ്രേക്ക് പദ്ധതി പഞ്ചായത്ത് ആയുർവ്വേദ ആശുപത്രിക്ക് സമീപം ആവിഷ്കരിച്ചു. അതായത് ആവശ്യമായ സ്ഥല പരിശോധന നടത്താതെ പദ്ധതി ആസൂത്രണം ചെയ്തതിനാൽ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2022-23 വർഷം പദ്ധതി ടെണ്ടർ ചെയ്ത് 31-03-2023 ന് കരാറുകാരന് (കോഴിക്കോട് ജില്ലാ കൺസ്ട്രക്ഷൻ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്) സെലക്ഷൻ നോട്ടീസ് അയക്കുകയും അതേ തീയതിയിൽ കരാർ വെക്കുകയും ചെയ്തിട്ടുണ്ടെങ്കിലും കരാറുകാരുടെ 12-05-2023 ലെ കത്ത് പ്രകാരം പ്രവൃത്തി തുടങ്ങണമെങ്കിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലവിലുള്ള ബിൽഡിംഗിലുള്ള വൈദ്യുതി കണക്ഷനും മോട്ടോറും പമ്പ്സെറ്റ് ലൈനും മാറ്റി സ്ഥാപിക്കൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 05-08-23 ന് സെക്രട്ടറി, LID&EW സെക്ഷന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത് പരിഹരിക്കപ്പെടുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. കരാറുകാരന് പദ്ധതിയ്ക്കായുള്ള സൈറ്റ് കൈമാറുന്നതിന് ഇത്തരം നടപടികൾ പൂർത്തിയാക്കേണ്ടതായിരുന്നു. ഇത് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകുന്നതിന് കാരണമാവുന്നതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/22-23) ലഭ്യമാക്കിയ മറുപടി പ്രകാരം 19-08-23 ന് വൈദ്യുതി ബന്ധം മാറ്റി സ്ഥാപിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## 1-14 കരാർ വെക്കാൻ കാലതാമസം - പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് നം | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | Agreed PAC | പി.എ.സി യുടെ 1% ഫൈൻ തുക |
|---|---|---|---|---|---|
| 1 | 19/22-23 | 26-1-2022 | 21-11-2022 | 264575.8/- | 2646/- |
| 2 | 158/22-23 | 12-09-2022 | 07-10-2022 | 222090/- | 2221/- |
| 3 | 173/22-23 | 06-01-2023 | 02-02-2023 | 207924/- | 2080/-<br>(1000/- രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്.) |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വയ്ക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/22-23) പിഴ ഈടാക്കി അറിയിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പിഴ ഈടാക്കി അറിയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 റോഡ് വർക്കിലെ ഐറിഷ് ഡ്രൈൻ പ്രവൃത്തിക്ക് അധിക നിരക്കുള്ള ഐറ്റം ക്വോട്ട് ചെയ്തു. ചെലവിനത്തിൽ പഞ്ചായത്തിന് നഷ്ടം

പഞ്ചായത്തിലെ റോഡ് വർക്കുകളിൽ ചുവടെ കൊടുത്ത പ്രവൃത്തികൾക്ക് ഐറിഷ് ഡ്രൈൻ(P.C.C) നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്ക് നൽകിയിരിക്കുന്ന ഡാറ്റ (MORD) 75.8.1 ആണ്. ഇതിന് MORD ലെ റേറ്റ് 8358.3/-രൂപയാണ് ക്യൂബിക്കിന് വരുന്നത്. ഈ ഡാറ്റയിൽ 4% തുക ഫോം വർക്കിനായി ഉൾപ്പെടുന്നുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ പട്ടികയിൽ കൊടുത്ത പ്രവൃത്തികളിൽ ഐറിഷ് ഡ്രൈൻ നൽകിയ എല്ലാ ചെയിനേജുകളിലും ഫോം വർക്ക് ആവശ്യമില്ലാത്തവയാണ്. ഫോംവർക്ക് ഉള്ള 75.8.1 ഡാറ്റയ്ക്ക് പകരമായി പ്രൈസ് 3 യിൽ ഫോം വർക്ക് ഉൾപ്പെടാത്ത 75.8.1.1 A എന്ന ഡാറ്റയുണ്ട്. ഈ ഡാറ്റ പ്രകാരം 8027.67/- രൂപയാണ് ക്യൂബിക്കിന് റേറ്റ് വരുന്നത്. ഈ ഡാറ്റ എടുക്കാതെ കൂടിയ നിരക്കിലുള്ള ഡാറ്റ എസ്റ്റിമേറ്റിലും ബില്ലിലും നൽകിയതിനാൽ ഗ്രാമപഞ്ചായത്തിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ട്. സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടതും ഇപ്രകാരം നടപ്പിലാക്കി തുക ചെലവഴിച്ചതുമായ പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം |
|---|---|
| 1 | 70/22-23 |
| 2 | 86/22-23 |
| 3 | 92/22-23 |
| 4 | 80/22-23 |
| 5 | 88/22-23 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷം പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോൾ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ആസ്തി രജിസ്റ്റർ-റോഡ് കണക്ടിവിറ്റി മാപ്പിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം- 178/22-23

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക – 51000/- (തനത് ഫണ്ട്)

ചെലവഴിച്ച തുക - 20400/-

ബിൽ നം - 5102813601220045 Dtd 29-03-2023

മേൽ പദ്ധതി പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ മുഴവൻ റോഡുകളുടെയും വിവരങ്ങൾ ശേഖരിച്ച് റോഡ് കണക്ടിവിറ്റി മാപ്പിഗ് (R-Track) ചെയ്യുകയും പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നതിനും റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കുന്നതിനുമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം ശ്രീ.വിഷ്ണു.കെ.പി എന്നവരുമായി കരാറിലേർപ്പെടുകയും ചെയതിട്ടുണ്ട്. കരാർ പ്രകാരം ആസ്തികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് ട്രാക്കിംഗ് ഇന്റർനെറ്റ്, ജി.പി.എസ്, ആൻഡ്രോയിഡ് സൗകര്യമുള്ള മൊബൈൽ ഫോണും വാഹനസൗകര്യവും ഉപയോഗിച്ച് ചെയ്യുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. വാർഡ് ഒന്നിന് എത്ര രൂപ നിരക്കിലാണ് പദ്ധതിയ്ക്കായി തുക വകയിരുത്തുന്നത് എന്ന് എഗ്രിമെന്റിൽ പറഞ്ഞിട്ടില്ല. എന്നാൽ പദ്ധതി നിർവ്വഹണത്തിന് തുക നൽകിയിരിക്കുന്നത് മസ്റ്റർ റോൾ വച്ച് ദിവസ കൂലി അടിസ്ഥാനത്തിലാണ്.

ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതി ഭാഗികമായി മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്ന് കാണുന്നു. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ബാക്കി തുകയ്ക്ക് 2023-24 വർഷം സ്പിൽ ഓവർ പദ്ധതി വച്ചിട്ടുണ്ട്. ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ മുഴവൻ വാർഡുകളിലുമായി സ്ഥിതി ചെയ്യുന്ന 575 തരം വിവിധ റോഡുകളുടെ വിവരങ്ങൾ (ടാർ റോഡ്, കോൺക്രീറ്റ് റോഡ്, മണ്ണ് റോഡ് എന്നിങ്ങനെയും അവയുടെ നീളം വീതി തുടങ്ങിയവ) രേഖപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

പദ്ധതി പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതാണ് എന്ന് കരാർ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പദ്ധതി പ്രകാരം ലഭ്യമായ വിവരങ്ങളനുസരിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുകയല്ല മറിച്ച് റോഡ് വിവരങ്ങൾ ലഭ്യമാക്കുക മാത്രമാണ് ചെയ്യുന്നത് എന്ന് മനസിലാവുന്നു. കൂടാതെ കരാർ പ്രകാരം പഞ്ചായത്തിലെ മറ്റ് ആസ്തി വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ല. റോഡ് വിവരങ്ങളും ആസ്തി വിവരങ്ങളും പഞ്ചായത്തിലെ ആസ്തി വിവരങ്ങൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നുണ്ടോ എന്നും കരാറിലോ പദ്ധതിയിലോ വ്യക്തമാക്കിയിട്ടില്ല. നിലവിലെ ആസ്തി രജിസ്റ്ററിൽ ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 31-10-2022 ലെ സർക്കുലർ നം. PAN/3173/2021-J1(DP) പ്രകാരം വാർഡ് ഒന്നിന് 3000/-രൂപ നിരക്കിൽ റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതിക്കായി വകയിരുത്താമെന്ന് പറയുന്നുണ്ട്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവിയോൺമെന്റ് സെന്റർ (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും R-Track മൊബൈൽ ആപ്ലിക്കേഷന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അടുത്ത സാമ്പത്തിക വർഷം മുതൽ R-Track ൽ ലഭ്യമായിട്ടുള്ള ഡാറ്റ അനുസരിച്ചായിരിക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുക എന്നതിനാൽ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിനും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 പൊതുമരാമത്ത് പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല

പദ്ധതികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ

നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ മോണിട്ടറിംഗ് സമിതി കൺവീനറായി ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം 10-05-22, 25-05-22, 4-06-22, 17-11-22, 28-11-22 എന്നീ തീയതികളിൽ വർക്കിഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത യോഗങ്ങളിൽ പുതിയ പദ്ധതികൾക്കായുള്ള നിർദ്ദേശങ്ങൾ നൽകുകയല്ലാതെ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുതിനെ കുറിച്ച് പ്രതിപാദിച്ചിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പ് കൺവീനറായതിനാൽ മോണിറ്ററിംഗ് കമ്മിറ്റി കൺവീനറായി മറ്റൊരാളെ തീരുമാനിച്ച് വർക്കിംഗ് ഗ്രൂപ്പിനെ അറിയിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം ഗൗരവമായി വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-18 തൊഴിലുറപ്പ് മെറ്റീരിയൽ വർക്കുകളുടെ ജി.എസ്.ടി (ടി.ഡി.എസ്) നാളിതുവരെ അടവാക്കിയില്ല.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്കുകളിൽ 2022-23 വർഷം ബിൽ തുക നൽകിയ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ വച്ച പ്രവൃത്തികളുടെ ജി.എസ്.ടി (1+1=2%), ടി.ഡി.എസ് ആയി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ബില്ലിൽ നിന്നും ഡിഡക്റ്റ് ചെയ്യുതെങ്കിലും ഈ ടി.ഡി.എസ് തുക മാത്രം സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഓഡിറ്റ് പിരീഡ് വരെ ക്രഡിറ്റ് വന്നിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഫൈനൽ ബിൽ തുക നൽകിയ 77 മെറ്റീരിയൽ പ്രവൃത്തികളിൽ നിന്നും ആകെ 501,110/- രൂപ ജി.എസ്.ടി(ടി.ഡി.എസ്) ആയി ബില്ലിൽ നിന്നും ഡിഡക്റ്റ് ചെയ്യിട്ടുണ്ട്. എന്നാൽ ബിൽ പ്രകാരം കരാറുകാരന് കരാർ പ്രകാരമുള്ള തുക ക്രഡിറ്റ് ആയെങ്കിലും സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓഡിറ്റ് പിരീഡ് വരെ ടി.ഡി.എസ് തുക ക്രഡിറ്റ് ആവുകയോ ജി.എസ്.ടി ഫയൽ ചെയ്യുയോ ചെയ്യിട്ടില്ല.

കൂടാതെ പാർട്ട് ബിൽ പോയതും എന്നാൽ കരാർ പ്രകാരം ജി.എസ്.ടി(ടി.ഡി.എസ്) അടവാക്കാൻ ബാധ്യസ്ഥവുമായ മെറ്റീരിയൽ സപ്ലെ ചെയ്യ ചുവടെ കൊടുത്ത പദ്ധതികളുടെ പാർട്ട് ബില്ലിൽ നിന്നും ഈടാക്കേണ്ട ജി.എസ്.ടി ഡിഡക്റ്റ് ചെയ്യിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാർ തുക | ബിൽ തുക | ബിൽ പ്രകാരം മെറ്റീരിയലിന്റെ തുക | ടി.ഡി.എസ് ആയി ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|---|
| 1 | തേനാങ്കൽ പൊയിൽ നടപ്പാത രണ്ടാം ഘട്ടം | 255937 | 246487 | 213431 | 4269 |
| 2 | ചെറുവോട്ട് പങ്കുനിമല | 381755 | 124366 | 109332 | 2187 |

| | | | | | |
|---|---|---|---|---|---|
| | റോഡ് കൾവെർട്ട് | | | | |
| 3 | ചെട്ട്യാംകണ്ടി റോഡ് സംരക്ഷണം രണ്ടാം ഘട്ടം | 286673 | 196098 | 186760 | 3736 |
| 4 | വാലിയേരിമ്മൽത്താഴെ കുഴിമ്പാട്ടിൽ റോഡ് | 306006 | 152050 | 143496 | 2870 |
| | ആകെ | | | | 13062/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/22-23) ലഭ്യമാക്കിയ മറുപടി പ്രകാരം സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നതിനാൽ ജനറേറ്റ് ചെയ്തു വച്ച ജി.എസ്.ടി (ടി.ഡി.എസ്) ഉൾപ്പെടുത്തിയുള്ള എഫ്.ടി.ഒ കൾ ഡിലീറ്റ് ചെയ്യേണ്ടി വരികയും മെറ്റീരിയൽ തുകകയുടെ എഫ്.ടി.ഒ കൾ മാത്രം ജനറേറ്റ് ചെയ്യാൻ സാധിക്കുകയും അതേ സമയം ടി.ഡി.എസ് എൻട്രികളുടെ എഫ്.ടി.ഒ ജനറേറ്റ് ചെയ്യുന്നതിന് എം.ഐ. എസ്- ൽ ലഭ്യമാവാതിരിക്കുകയും ചെയ്തതിനാലാണ് അപാകത സംഭവിച്ചത് എന്നും അലോട്ട്മെന്റ് വന്ന ശേഷം ജി.എസ്.ടി (ടി.ഡി.എസ്) അടവാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഖണ്ഡികയിൽ പാരമർശിച്ച മുഴുവൻ പ്രവൃത്തികളുടെയും ജി.എസ്.ടി(ടി.ഡി.എസ്) ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ബാലുശ്ശേരി കുടിവെള്ള പദ്ധതി - നടത്തിപ്പിലെ അപാകതകൾ

തൻവർഷം ബാലുശ്ശേരി കുടിവെള്ളപദ്ധതിയുടെ (മഞ്ഞപ്പാലം കുടിവെള്ള പദ്ധതി) വൈദ്യുതി ചാർജ്ജിനത്തിൽ 188968 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ചതായി കാണുന്നു. ഗ്രാമപഞ്ചായത്ത് അധികൃതരിൽ നിന്ന് വാക്കാൽ ലഭിച്ച വിവരങ്ങളനുസരിച്ച് ഒമ്പതാം പദ്ധതിക്ക് മുമ്പ് ആരംഭിച്ചതും ജല അതോറിറ്റി ഗ്രാമപഞ്ചായത്തിന് കൈമാറിയതുമാണ് മേൽ പദ്ധതി. ഗാർഹിക ഗുണഭോക്താക്കളിൽ നിന്ന് നാമമാത്ര തുകയായ 50 രൂപ മാത്രമാണ് വെള്ളക്കരമിനത്തിൽ പിരിച്ചെടുക്കുന്നത്. മേൽ കുടിവെള്ള പദ്ധതിക്ക് എത്ര ഗുണഭോക്താക്കളുണ്ടെന്നുള്ള വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. തൻവർഷം 47500 രൂപ മാത്രമാണ് വെള്ളക്കരമിനത്തിൽ ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്തത്. 20എച്ച്.പി. മോട്ടോർ ഉപയോഗിച്ച് 75000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ വെള്ളം പമ്പ് ചെയ്യുന്നതിന് പമ്പ് ഓപ്പറേറ്റർക്ക് 730 രൂപ ദിവസവേതനമായി (ഞായറാഴ്ച ഒഴികെ) നൽകി വരുന്നുണ്ട്. ഗുണഭോക്താക്കളിൽ നിന്ന് വരിസംഖ്യ പിരിച്ചെടുക്കാൻ പമ്പ് ഓപ്പറേറ്ററെ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ നേരിട്ടെത്തി വെള്ളക്കരം കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ഗാർഹിക കണക്ഷനുകൾ കൂടാതെ ബാലുശ്ശേരി ടൗണിലെ ഹോട്ടലുകളിലും കടകളിലും കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് അധികൃതർ പറയുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച യാതൊരു രേഖയും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല. 2022-23 വർഷം മേൽ കുടിവെള്ള പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെയും ലഭിച്ച വരവിന്റെയും വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വരവ് തുക | | ചെലവ് തുക | |
|---|---|---|---|
| വെള്ളക്കരം | 47500 | വൈദ്യുതി ചാർജ് | 188968 |
| | | റിപ്പയർ | 51934 |

| | | | |
|---|---|---|---|
| | | പമ്പ് ഓപ്പറേറ്റർ വേതനം | 227710 |
| ആകെ | 47500 | ആകെ | 468612 |

വെള്ളക്കരം കാലാനുസൃതമായി വർദ്ധിപ്പിച്ച് പ്രവർത്തന ചെലവിന് ആനുപാതികമായ തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വെള്ളക്കരം കുടിശ്ശിക സഹിതം പിരിച്ചെടുക്കാനാവശ്യമായ സംവിധാനം ഒരുക്കേണ്ടതാണ്. ആകെ കണക്ഷനുകളുടെ എണ്ണം, ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പദ്ധതി ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത വരുത്താത്ത രീതിയിൽ പരിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

1-20 ബഡ്സ് സ്കൂൾ ടീച്ചർക്കും ഹെൽപ്പർക്കും ഹോണറേറിയം മുൻകൂർ നൽകി

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 653500

തൻവർഷം വികസനഫണ്ട് വിനിയോഗിച്ച് ബഡ്സ് സ്കൂൾ ടീച്ചർക്കും ഹെൽപ്പർക്കും ഹോണറേറിയം നൽകിയ ഇനത്തിൽ 653500 ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ തൻവർഷം 13 മാസത്തെ ഹോണറേറിയം നൽകിയതായി കാണുന്നു. 4/2023 നൽകേണ്ട ഹോണറേറിയം മുൻകൂറായി 3/23 ൽ നൽകിയതായാണ് കാണുന്നത്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| മാസം | തുക | സാംക്ഷൻഓർഡർ/പ്രൊസീഡിംഗ് |
|---|---|---|
| 3/22ലെ ഹോണറേറിയം | 48000 | 3/28.4.22 |
| 4/22 ” | 48000 | 8/10.5.22 |
| 5/22 ” | 48000 | 32/4.6.22 |
| 6/22 ” | 48000 | 45/6.7.22 |
| 7/22 ” | 48000 | 68/3.8.22 |
| 8/22 ” | 48000 | 91/2.9.22 |
| 9/22 ” | 48000 | 106/3.10.22 |
| 10/22 ” | 48000 | 136/8.11.22 |
| 11/22 ” | 48000 | 179/9.12.22 |
| 12/22 ” | 68650 | 223/9.1.23 |
| 1/23 ” | 50950 | 262/8.2.23 |
| 2/23 ” | 50950 | 15.3.23 |
| 3/23 ” | 50950 | 31.3.23 |
| ആകെ | 653500 | |

4/23 ൽ നൽകേണ്ട 3/23 ലെ ഹോണറേറിയം മുൻകൂറായി 3/23 ൽ തന്നെ നൽകിയ നടപടിക്ക് മറുപടി നൽകേണ്ടതാണ്.

1-21 യു.പി.എസിന് എ.എം.സി വെക്കൽ - സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ലഭ്യമല്ല

നിർവ്വഹണം - സെക്രട്ടറി

ചെലവ് - 48675 (ബിൽ നമ്പർ - 71/11.08.2022)

ഗ്രാമപഞ്ചായത്ത് ഓഫീസിലെ രണ്ട് യു.പി.എസിന് 3 വർഷത്തേക്ക് എ.എം.സി വെച്ചതിന് 48675 രൂപ തനത്ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. 12.07.2022 ലെ ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം ഹൈക്കോൺ ഇൻഡ്യ എന്ന സ്ഥാപനവുമായി 27.06.22 ന് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ ഐ.ടി/ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ രണ്ട് യു.പി.എസുകളും സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. എഗ്രിമെന്റിൽ യു.പി.എസിന്റെ കപ്പാസിറ്റി മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മേൽ ഉപകരണങ്ങൾ എ.എം.സി പീരീഡ്/ വാറന്റി പീരീഡ് കഴിഞ്ഞതാണെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ - രജിസ്റ്റർ സൂക്ഷിച്ചതിലെ അപാകതകൾ

തൻവർഷം തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| പ്രൊജക്ട് | ചെലവഴിച്ച തുക | സ്ഥാപിച്ച വിളക്കുകൾ |
|---|---|---|
| പ്രൊജക്ട് നം.50/22-23 (സി.എഫ്.സി ഗ്രാന്റ്) നിർവ്വഹണം - സെക്രട്ടറി | 1165487 | 864 എണ്ണം 25 വാട്ട് LED സ്ട്രീറ്റ് ലൈറ്റ് |
| പ്രൊജക്ട് നം.47/22-23 (സ്പിൽ ഓവർ) (എസ്.സി.പി) നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി | 403351 | 299 എണ്ണം 25 വാട്ട് LED സ്ട്രീറ്റ് ലൈറ്റ് |

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച കേടായതും പഴക്കം ചെന്നതുമായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഹെക്സ്ട്രോൺ ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനവുമായി കരാർ വെച്ച് രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. 1163 വിളക്കുകൾ മാറ്റി സ്ഥാപിച്ചതായി കാണുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെ പ്രകാശിക്കുന്ന വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം മാറ്റി സ്ഥാപിച്ച 1163 വിളക്കുകളുടെ വിവരങ്ങൾ മാത്രമാണ് തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ വിശദവിവരങ്ങൾ തയ്യാറാക്കി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-23 പദ്ധതി ആസൂത്രണ നിർവ്വഹണ ചെലവുകൾക്ക് ഒന്നിലധികം പ്രൊജക്ടുകൾ നടപ്പിലാക്

സ.ഉ(കൈ) നം.84/2022 തസ്വഭവ തിയ്യതി 19.04.2022 ഖണ്ഡിക 9(1) പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായി, പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ എന്ന പേരിൽ ഒരു പ്രൊജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിനായി ഒന്നിലധികം പ്രൊജക്ടുകൾ പാടില്ല. എന്നാൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് മേൽ ആവശ്യത്തിന് താഴെപ്പറയും വിധം രണ്ട് പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നു.

| പ്രൊജക്റ്റ് | തുക |
|---|---|
| 115/22-23 – പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും | 139392 |
| 48/22-23 – പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തന ചെലവ് | 208659 |

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-24 തരിശുനില ഇടവിളകൃഷിക്ക് സബ്സിഡി നൽകിയത് വ്യവസ്ഥകൾ പാലിക്കാതെ

തരിശുനില ഇടവിള കൃഷിക്ക് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | 146/23 |
| അടങ്കൽ | 92800/- |
| ഫണ്ട് | വികസനഫണ്ട് |
| ചെലവ് | 92800/- |
| ബിൽ നമ്പർ/ തീയതി | 131/23/17.5.23 |

സ.ഉ(കൈ) നം.15/2022/തസ്വഭവ. തി.28.5.2022 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 8 ൽ മൂന്ന് വർഷത്തിലധികമായി കാർഷികവൃത്തികൾ ചെയ്യാത്ത തരിശു ഭൂമിയാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്ഥലങ്ങളിലെ കൃഷിക്കുമാത്രമേ ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ ഇങ്ങനെയുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല. 2022-23 വർഷത്തെ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാനിൽ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി 8122 തൊഴിൽദിനങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ നടപ്പാക്കുന്നതിന് ശ്രമങ്ങൾ നടത്തിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/23/14.8.23) മറുപടി നൽകിയിട്ടില്ല. ഉൽപ്പാദന മേഖലയുടെ വികസനത്തിന്റെ കാര്യത്തിൽ വിവിധ പദ്ധതികളുടെ സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണ്. പദ്ധതി രൂപീകരണ സമയത്തുതന്നെ ഇതിനാവശ്യമായ ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി അഗതി രഹിതകേരളം പദ്ധതി

നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ ചെലവഴിച്ച തുകയുടെയും, ഭൗതിക നേട്ടത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സേവന പാക്കേജിലെ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഭക്ഷണം | 121 | 2610000 | 1925120 |
| 2 | വീട് | 55 | 22000000 | 0 |
| 3 | വീട് റിപ്പയറിംഗ് | 42 | 6725000 | 772377 |
| 4 | ഭൂമി | 32 | 6400000 | 0 |
| 5 | കുടിവെള്ളം | 64 | 250000 | 0 |
| 6 | കക്കൂസ് | 49 | 754600 | 0 |
| 7 | വിദ്യാഭ്യാസം | 12 | 111000 | 0 |
| 8 | ചികിത്സ | 8 | 116280 | 0 |
| 9 | വസ്ത്രം | 41 | 36600 | 0 |

ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 121 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മൂന്ന് വർഷമാണ് പദ്ധതി കാലയളവ് എന്നിരിക്കേ സേവന പാക്കേജിൽ സൂചിപ്പിച്ച മുഴുവൻ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിക്ക് ചാലഞ്ച് ഫണ്ട് ഇനത്തിൽ 1925120/- രൂപ ലഭിക്കുകയുണ്ടായി. പ്രധാനമായും ഭക്ഷണ വിതരണത്തിനാണ് ഈ തുക വിനിയോഗിച്ചിരിക്കുന്നത്. ഈ തുക മുഴുവൻ 2022 ഏപ്രിൽ മാസത്തോടുകൂടി തീർന്നു. ഇതിനുശേഷം ഗ്രാമപഞ്ചായത്തിന് തനത്ഫണ്ടിൽ നിന്നും ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാൻ തുക അനുവദിക്കാമായിരുന്നു. എന്നാൽ ഇതിനുള്ള പ്രവർത്തനങ്ങൾ സി.ഡി.എസ്-ന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. 14.10.2021 ന് രണ്ട് ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ ഇനത്തിൽ സി.ഡി.എസ്-ന് 200000 രൂപ ഗ്രാമപഞ്ചായത്ത് കൈമാറിയിരുന്നു. എന്നാൽ ഈ തുക ഗുണഭോക്താക്കൾക്ക് അനുവദിക്കാതെ ഭക്ഷണ വിതരണത്തിനാണ് സി.ഡി.എസ് വിനിയോഗിച്ചത്. ഇത് ശരിയായ നടപടിയല്ല. ഈ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഭവന നിർമ്മാണത്തിന് ഏഴ് ഗുണഭോതക്താക്കൾക്ക് ആനുകൂല്യം ലഭിച്ചതായി സി.ഡി.എസ് അറിയിച്ചിട്ടുണ്ട്. ഈ കാലയളവിൽ ലൈഫ് ഭവന പദ്ധതിയിൽ നിരവധി പേർക്ക് ആനുകൂല്യം നൽകിയെങ്കിലും അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കളെ ലൈഫ് പദ്ധതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സേവന പാക്കേജിൽ ഉൾപ്പെട്ട മറ്റു സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിലും സി.ഡി.എസ് വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/23/14.8.23) മറുപടി നൽകിയിട്ടില്ല. അഗതി രഹിതകേരളം പദ്ധതി നിർവ്വഹണത്തിൽ സി.ഡി.എസ്-ന്റെയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭാഗത്തുനിന്ന് കൃത്യമായ ഇടപെടലുകൾ ഉണ്ടാകാത്തതുകൊണ്ട് ഗുണഭോക്താക്കൾക്ക് സേവന പാക്കേജിൽ പരാമർശിച്ച മിക്ക ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഈ കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾക്ക് പാക്കേജിൽ സൂചിപ്പിച്ച മുഴുവൻ ആനുകൂല്യങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-26 എസ്.എസ്.കെ വിഹിതം നൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികൾക്കായി എസ്.എസ്.കെ. വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നം. | 136/23 |
| അടങ്കൽ | 750000/- |
| ഫണ്ട് | വികസന ഫണ്ട്(പൊതു) |
| ചെലവ് | 750000/- |
| ബിൽ നമ്പർ/തീയതി | 846/23/17.8.22 |

വിവിധ അക്കാദമിക് പ്രവർത്തനങ്ങൾ, മരാമത്ത് പ്രവൃത്തികൾ, യൂണിഫോം വിതരണം, അധ്യാപകർക്കുള്ള ട്രെയിനിംഗുകൾ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.

സ.ഉ (കൈ)നം.84/2022 തസ്വഭവ. തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.8-6 ൽ ഈ തുക ഉപയോഗിച്ച് ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്റ്റ് ഓഫീസർ അറിയിക്കേണ്ടതാണെന്നും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/23/തീയതി 14.08.23) മറുപടി നൽകിയിട്ടില്ല. എസ്.എസ്.കെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾക്ക് തൃപ്തികരമായ മറുപടി നൽകേണ്ടതും, ഭാവിയിൽ അപാകതകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-27 പദ്ധതി മാർഗ്ഗരേഖയിൽ പാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകി

ക്ഷീരകർഷകർക്ക് ഗോ സുവിധ പദ്ധതിയിൽ ആനുകൂല്യം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നം. | 112/23 |
| അടങ്കൽ | 125000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 125000/- |

| | |
|---|---|
| ബിൽനം. തി. | 963/23/24.1.23 |

ഗ്രാമപഞ്ചായത്തിലെ 43 ക്ഷീര കർഷകർക്ക് തൊഴുത്തിൽ വിരിക്കുന്ന റബ്ബർ മേറ്റ്, തൊഴുത്തിൽ ഫാൻ എന്നിവ സ്ഥാപിക്കുന്നതിന് സബ്സിഡി ആനുകൂല്യം നല്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. പതിനാലാം പദ്ധതിയുമായി ബന്ധപ്പെട്ട സ.ഉ.(കൈ) നം. 115/2022/ തസ്വഭവ. തി.28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളിൽ ഈ ഇനങ്ങൾക്ക് സബ്സിഡി നിർദ്ദേശിച്ചിട്ടില്ല. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/23 /14.8.23) മറുപടി നൽകിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് ധനസഹായം നൽകിയ ഇനത്തിൽ ചെലവഴിച്ച 125000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഈ തുകയ്ക്ക് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്.

1-28 ചെറുകിട തൊഴിൽ സംരംഭം വനിത- ഗ്രൂപ്പിന് സംരംഭക സബ്സിഡി അനുവദിച്ചതിലെ അപാകതകൾ

നിർവ്വഹണം-വി.ഇ.ഒ

പ്രോജക്ട് നം-37/22-23 ചെറുകിട തൊഴിൽ സംരംഭം-വനിത (Spill Over)

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "ചെറുകിട-തൊഴിൽ സംരംഭം-വനിത" എന്ന പ്രോജക്ട് വഴി ഗ്രാമപഞ്ചായത്തിലെ 4 പേരടങ്ങുന്ന ഉദയം സംഘത്തിന് പാലിൽ നിന്നും തൈര്, മോര്, നെയ്യ് എന്നിവ ഉത്പാദിപ്പിക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ബാലുശ്ശേരി റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും അനുവദിക്കുന്ന വായ്പക്ക് സബ്സിഡി നൽകുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമാണ് പ്രോജക്ട് നടപ്പിലാക്കിയത്. ഇത് പ്രകാരം സ്ഥാപത്തിന് 10-03-2022 ന് 200000/- രൂപ ബാലുശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പ അനുവദിക്കുകയും ആയതിന് സബ്സിഡിയായി 160000/-രൂപ ഗ്രാമപഞ്ചായത്ത് ബാങ്കിന്റെ അക്കൗണ്ടിലേക്ക് 30-05-2022 ന് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 37/22-23 ചെറുകിട തൊഴിൽ സംരംഭം-വനിത (SO) |
| അടങ്കൽ | 760000/- (വികസന ഫണ്ട്-ജനറൽ -160000/-,മറ്റുള്ളവ- 700000/-) |
| ചെലവ് | 160000/-(BRN-22170752015400151253/30-05-2022) |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ) നം.22/2018 തസ്വഭവ 14.02.2018 6.4 പ്രകാരം ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞ

ശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകേണ്ടത്. എന്നാൽ ധനസഹായം കൈപ്പറ്റിയ ഗ്രൂപ്പ് കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്നിട്ടില്ല. ഗ്രൂപ്പ് ഗ്രേഡിംഗ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർജ്ജീവമായ ഗ്രൂപ്പാണെന്ന് മനസ്സിലായിട്ടും ഗ്രൂപ്പിന് സബ്സിഡി ആനുകൂല്യം നൽകി.

2) നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സ്ഥാപനത്തിന്റെ ആസ്തി സംബന്ധിച്ചുള്ള വിവരങ്ങൾ, മീറ്റിംഗ് മിനുട്സ്, ബാങ്കിന്റെ പാസ്ബുക്ക് എന്നീ രേഖകൾ പരിശോധിക്കാതെയാണ് സബ്സിഡി നൽകിയിരിക്കുന്നത്.

3) 30-05-2022 ന് സബ്സിഡി തുകയായ 1,60,000/- രൂപ ബാങ്കിലേക്ക് അനുവദിച്ചതിന് ശേഷം ആയത് വിവിധ തീയതികളിൽ 30-05-2022 മുതൽ 10-04-2023 വരെയാണ് ലോണിലേക്ക് അടവാക്കിയത്. കൂടാതെ 17.04.2023 ന് ലോൺ മുഴുവനായി അടച്ച് ക്ലോസ് ചെയ്തിട്ടുണ്ട്.

4) ഓഡിറ്റിന്റെ ഭാഗമായി 14.08.2023 ന് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിലെ പുത്തൂർവട്ടത്ത് പ്രവർത്തിക്കുന്ന യൂണിറ്റ് ഓഡിറ്റ് ടീം പരിശോധിക്കുകയുണ്ടായി. എന്നാൽ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ള മോട്ടോർ, സ്റ്റീൽ പാത്രങ്ങൾ എന്നിവ ശ്രീമതി.ഇല്ലത്ത് ഷൈനി, തുരുത്തിയാട് എന്നവരുടെ വീടിനോട് ചേർന്നുള്ള വിറക് സൂക്ഷിച്ചിരിക്കുന്ന മുറിയിൽ കാണുന്നതിനും സാധിച്ചു.

5) സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ, പ്രവർത്തനം ആരംഭിച്ചോ എന്നത് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹിച്ചില്ല. കെ.എസ്.ഇ.ബി ബിൽ, സംരംഭക ലൈസൻസ് എന്നിവ ഒന്നും ഫയലിൽ ലഭ്യമല്ല.

6)പദ്ധതി വഴിയുണ്ടാക്കുന്ന ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ സംബന്ധിച്ച് ആവശ്യമായ പഠനം നടത്താതെയാണ് ഗ്രൂപ്പിന് സബ്സിഡി അനുവദിച്ചിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 മാലിന്യ നിർമാർജ്ജനം-ഗ്രീൻ വേംസ് കമ്പനിയ്ക്ക് തുക കൈമാറൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണം ഉദ്യോഗസ്ഥൻ- വി.ഇ.ഒ

1) പ്രോജക്റ്റ് നം- 159/22-23(S.O)

വകയിരുത്തിയ തുക – 363222/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക - 363222 – (1.Sanction Order No-76/16.08.2022 തുക-141940/-

2.Sanction Order No-105/30.09.2022 തുക-171342/-

3.Sanction Order No-122/25.10.2022തുക-49940/- )

( കി.ഗ്രാമിന് 5.65/-നിരക്കിൽ 21290+25700+7490.5 ആകെ-54480.5 കി.ഗ്രാം മാലിന്യം)

2) പ്രോജക്റ്റ് നം- 14/22-23

വകയിരുത്തിയ തുക – 483400/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക - 483400 – (1.Sanction Order No-76/16.08.2022 തുക-141940/-

2.Sanction Order No-105/30.09.2022 തുക-171342/-)

(കി.ഗ്രാമിന് 5.65/-നിരക്കിൽ 11180+37210+5900+9480+7240+1496.5 ആകെ-72506.5 കി.ഗ്രാം

മാലിന്യം)

അജൈവ മാലിന്യം (റിജക്റ്റഡ് വേസ്റ്റ്) ഗ്രീൻ വേംസ് കമ്പനിയ്ക്ക് കൈമാറുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. പുന:ചംക്രമണയോഗ്യമല്ലാത്ത 126987 കിലോ അജൈവ മാലിന്യം നീക്കം ചെയ്തതിന് കിലോയ്ക്ക് 5.65 രൂപ നിരക്കിലും 18% ജി.എസ്.ടി യും ഉൾപ്പടെ 846622/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മാലിന്യ നീക്കത്തിന് സ്ഥാപനത്തിന് തുക ചെലവഴിക്കേണ്ടി വന്നത് “എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം” മിഷന്റെ ലക്ഷ്യത്തിന് ഘടകവിരുദ്ധമാണ്. റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് ഗ്രാമപഞ്ചായത്തിന് 846622/- രൂപ വിനിയോഗിക്കേണ്ടി വന്നത് ഹരിത കേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്ടഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്തമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് ഹരിതകർമ്മ സേനയെന്നിരിക്കെ, പരിമിതമായ ഫീസ് ഈടാക്കിയാണ് റിജക്ടഡ് വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കുന്നതെന്ന് മേൽ ചെലവിൽ നിന്നും വ്യക്തമാകുന്നു. റിജക്ടഡ് മാലിന്യത്തിനും ശേഖരിക്കുന്നതിനും കൈയ്യൊഴിയുന്നതിനും ചെലവാകുന്ന തുക കണക്കാക്കി ടി തുക വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഫിഷറീസ് / വനിതാ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല

ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മേൽ ചുമതല നിറവേറ്റുന്നതിനായി മേഖലയിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം. 84/22/തസ്വഭവ തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-3 ൽ പ്രത്യേക വനിതാ ഘടക പദ്ധതി നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുകയും ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് വനിതാ ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ പദ്ധതി വർഷം ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതായി കാണുന്നില്ല. മേൽ വിവരിച്ച പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/23/14.08.23) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഫിഷറീസ്,വനിതാ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-31 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ തുരുത്യാട് എന്ന സ്ഥലത്ത് 2003 മുതൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. അഞ്ച് സെന്റ് സ്ഥലത്താണ് സ്ഥാപനം പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്

മതിയായ സ്ഥലസൗകര്യം ഇല്ല. സ്ഥാപനത്തിൽ 43 പേർ രജിസ്റ്റർ ചെയ്തതിൽ 17 പേരാണ് സ്ഥിരമായി ക്ലാസിൽ വരുന്നത്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 45 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. ഇവരുടെ ശാരീരിക-മാനസിക വികാസത്തിനും, വൊക്കേഷണൽ ട്രെയിനിംഗിനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ പ്രവർത്തനം നടത്തിയിട്ടില്ല. പദ്ധതി വർഷം ഈ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് മൂന്ന് പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ബഡ്സ് ജീവനക്കാർക്ക് ഓണറേറിയം (നം.1/23), ബഡ്സ് ഉച്ചഭക്ഷണം (നം.53/23), ബഡ്സ് വാഹനം വാടകയ്ക്ക് എടുക്കൽ (നം.143/23) എന്നിവയാണവ. എന്നാൽ പദ്ധതി വർഷം വാഹന സൗകര്യം ലഭ്യമാക്കാനുള്ള പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. വാഹന സൗകര്യം കുറഞ്ഞ സ്ഥലമായതിനാൽ ഗുണഭോക്താക്കൾക്ക് സെന്ററിൽ എത്തിച്ചേരുന്നതിന് വളരെ പ്രയാസം നേരിടുന്നതായി ബഡ്സ് ടീച്ചർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. 17.11.2022 ന് ചേർന്ന സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സ്ഥാപനത്തിന് വാഹന സൗകര്യം ലഭ്യമാക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഇത് നിർവ്വഹിക്കുന്നതിന് കഴിഞ്ഞിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/23/14.08.23) മറുപടി നൽകിയിട്ടില്ല. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-32 അധികരിച്ച നിരക്കിൽ ഫർണ്ണിച്ചർ വാങ്ങിയത്

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-ആയുർവ്വേദം

അടങ്കൽ-50000/-(മെയിന്റനൻസ് നോൺ റോഡ്)

ചെലവ് -48070/(BRN-22170752011301204629/10-02-2023)

ആയുർവ്വേദ ആശുപത്രിയിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. ഇത് പ്രകാരം 48070/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. സിഡ്കോയിൽ നിന്നും ഹാജരാക്കിയിരിക്കുന്ന ബില്ലിൽ ഹാർഡ് വുഡ് ടേബിളിന് (HSN-940330 ) സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നുള്ള സ.ഉ(സാ.ധാ)നം-97/2022/ എസ്.പി.ഡി തിയ്യതി-23.12.2022 പ്രകാരം ബാധകമായ വില 8261/-രൂപയാണ്(ജി.എസ്.ടി ഒഴികെ).എന്നാൽ 10758/-രൂപയാണ്(ജി.എസ്.ടി ഒഴികെ) സാധനത്തിന്റെ (Doctors Table Hard Wood-120x75x75) വിലയായി സിഡ്കോയ്ക്ക് നൽകിയിരിക്കുന്നത്. 2947/-രൂപ സിഡ്കോയ്ക്ക് അധികം നൽകിയിട്ടുണ്ട്. കൂടാതെ ബിൽ പ്രകാരം വാങ്ങിയിരിക്കുന്ന മറ്റിനങ്ങളായ ഹാർഡ്‌വുഡ് പ്ലെയിൻ ടേബിൾ (Hard Wood Plain Table-150x75x75), ഡോക്ടേഴ്സ് എക്സിക്യൂട്ടീവ് ടേബിൾ (Doctors Table Hard Wood Executive With 2 Side Cabin) എന്നിവ സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഇനങ്ങളാണ്. പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത സാധനങ്ങൾ ടെൻഡർ നടപടി പകരം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സിഡ്കോയ്ക്ക് അധികം നൽകിയ തുക 2947/- രൂപ നിരാകരിക്കുന്നു.

## 1-33 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നം-06/22-23

നിർവ്വഹണം-മെഡിക്കൽ ഓഫീസർ(ഹോമിയോ)

അടങ്കൽ -100000(മെയിന്റനൻസ് -നോൺ റോഡ്)

ചെലവ്-100000 (ബിൽ റഫറൻസ് നം-22170752011200832806 തിയ്യതി-28-11-2022)

ഓഡിറ്റ് വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 28-11-2022

തിയ്യതിയിൽ 100000 രൂപ ആലപ്പുഴ ഹോംകോയ്ക്ക് (പ്രൊഫോർമ ഇൻവോയ്സ്-PF-848/22-11-2022) കൈമാറിയിട്ടുണ്ട്. ചെലവ് തുക 1,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് തീയതി വരെ മരുന്നുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1. അധികരിച്ച നിരക്കിൽ ഫർണ്ണിച്ചർ വാങ്ങിയത്

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-ആയുർവ്വേദം

അടങ്കൽ-50000/-(മെയിന്റനൻസ് നോൺ റോഡ്)

ചെലവ് -48070/(BRN-22170752011301204629/10-02-2023)

ആയുർവ്വേദ ആശുപത്രിയിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. ഇത് പ്രകാരം 48070/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. സിഡ്കോയിൽ നിന്നും ഹാജരാക്കിയിരിക്കുന്ന ബില്ലിൽ ഹാർഡ് വുഡ് ടേബിളിന് (HSN-940330 ) സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നുള്ള സ.ഉ(സാ.ധാ)നം-97/2022 /എസ്.പി.ഡി തിയ്യതി-23.12.2022 പ്രകാരം ബാധകമായ വില 8261/-രൂപയാണ്(ജി.എസ്.ടി ഒഴികെ).എന്നാൽ 10758/-രൂപയാണ്(ജി.എസ്.ടി ഒഴികെ) സാധനത്തിന്റെ (Doctors Table Hard Wood-120x75x75) വിലയായി സിഡ്കോയ്ക്ക് നൽകിയിരിക്കുന്നത്. 2947/-രൂപ സിഡ്കോയ്ക്ക് അധികം നൽകിയിട്ടുണ്ട്. കൂടാതെ ബിൽ പ്രകാരം വാങ്ങിയിരിക്കുന്ന മറ്റിനങ്ങളായ ഹാർഡ്‌വുഡ് പ്ലെയിൻ ടേബിൾ (Hard Wood Plain Table-150x75x75), ഡോക്ടേഴ്സ് എക്സിക്യൂട്ടീവ് ടേബിൾ (Doctors Table Hard Wood Executive With 2 Side Cabin) എന്നിവ സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഇനങ്ങളാണ്. പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത സാധനങ്ങൾ ടെൻഡർ നടപടി പകരം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സിഡ്കോയ്ക്ക് അധികം നൽകിയ തുക 2947/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 10-08-2023-11-08-2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 225000 | 124/22-23-നെൽകൃഷിക്ക് കൂലിച്ചെലവ് | 225000 | 0 |
| | 2022-23 | 438321 | 55/22-23-ലൈഫ് ഭവനപദ്ധതി(എസ്.സി.പി) | 438321 | 0 |
| | 2022-23 | 232500 | 94/22-23-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 232500 | 0 |
| | 2022-23 | 250000 | 120/22-23-ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 250000 | |
| | 2022-23 | 263000 | 121/22-23-വനിത ക്ഷീര കർഷ കർക്ക് കാലിത്തീറ്റ സബ്സിഡി | 263000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 720000 | 55/22-23-ലൈഫ് ഭവനപദ്ധതി(എസ്.സി.പി) | 720000 | 0 |
| | 2022-23 | 720000 | 56/22-23.ലൈഫ് ഭവനപദ്ധതി ജനറൽ | 720000 | 0 |
| | 2022-23 | 77500 | 94/22-23-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 77500 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 560000 | 120/22-23 -ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 560000 | 0 |
| | | 50000 | 121/22-23 -വനിത ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 50000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല -

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ തീയതി-18/08/2018 | 0 | 60,05,163 | 2073614 | | 3931549 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3418409 |
| തൻവർഷം നിക്ഷേപിച്ച തുക | 237734 |
| ആകെ | 3656143 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3656143 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | റീജിയണൽ കോ-ഓപ്പറേറ്റീവ് കോ-ഓപ്പറേറ്റീവ് ബാങ്ക് ബാലുശ്ശേരി | 25.04.2022 | 12 മാസം | 839117 |
| 2 | ബാലുശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 20.01.2023 | 12 മാസം | 1927221 |
| 3 | കെ.ഡി.സി ബാങ്ക് | 29.04.2022 | 12 മാസം | 886805 |
| 4 | ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | - | - | 2,500 |
| 5 | മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ | - | - | 500 |
| ആകെ | | | | 3656143 |

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2020-21 | 1-16 | 480 | മാനേജർ ഇലവന്തിക്കൽ ജ്വല്ലറി | 1220102230/30-08-2022 |
| 2020-21 | 1-16 | 2250 | പ്രിൻസിപ്പൽ, പഴശ്ശിരാജ | 1220102876/28.09.2022 |

| | | | | |
|---|---|---|---|---|
| | | | പബ്ലിക് സ്കൂൾ | |
| | | 108000 | ശ്രീ.ജയകൃഷ്ണൻ അസിസ്റ്റന്റ് സെക്രട്ടറി | 1220102882 / 28.09.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00, 30 (1), (2), 30(5) | 2003-04, 3-11(10) | റോഡ് അറ്റകുറ്റപണി അധിക ചെലവ് | തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗ സ്ഥനിൽ നിന്നും ഈടാക്കാൻ ശുപാർശ. തടസ്സം തുടരുന്നു (LFAC Report 2011-14 ഖ.91) |
| 1999-00, 33 | 2003-04, 11.13.5.7 | മൈത്രി ഭവന പദ്ധതി-പുരോഗതി റിപ്പോർട്ട് ലഭിച്ചില്ല. | ഹൗസിംഗ് ബോർ ഡിന്റെ റിപ്പോർട്ട് നൽകാൻ ചുമതല പ്പെടുത്തി. തടസ്സം തുടരുന്നു (LFAC Report 2019-21 ഖ.53) |
| 2000-01 | 2003-04, 11.14 | എടക്കടി ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | ബന്ധപ്പെട്ട ഉദ്യോഗ സ്ഥനിൽ നിന്നും ഈടാക്കി വിശദാംശ ങ്ങൾ ലഭ്യമാക്കണം. തടസ്സം തുടരുന്നു (LFAC Report 2019-21 ഖ.53) |

| | | | |
|---|---|---|---|
| 2001-02 | 2003-04, 11.14 | ചെമ്പോളിത്താഴം ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | ബന്ധപ്പെട്ട ഉദ്യോ ഗസ്ഥനിൽ നിന്നും ഈടാക്കി വിശദാം ശങ്ങൾ ലഭ്യമാ ക്കണം. തടസ്സം തുടരുന്നു. (LFAC Report 2019-21 ഖ.53) |
| 2002-03, 3-4 (1,4,5) | 2006-07, 3.79.17.8 | എസ്.ജി.എസ്.വൈ പദ്ധതികൾ പൂർത്തിയാക്കാത്തത്. | തടസ്സം തുടരുന്നു |
| 2014-15, 2-2 | 2016-17, അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49452111 (Receipt & Payment പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44203480 (Receipt & Payment പ്രകാരം) |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2947/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 225000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | -- | 2947/- | ഡോ.സുമയ്യ തോടങ്ങൽ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 125000/- | ഡോ.സക്കിയ, വെറ്ററിനറി സർജൻ |
| 1-33 | 100000/- | ഡോ.തൻസീറ കെ, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സക്കിയ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ബാലുശ്ശേരി | ഡോ.സക്കിയ, മൗണ്ട് ഫീൽഡ് വട്ടോളി ബസാർ ബാലുശ്ശേരി |
| ഡോ.സുമയ്യ തോടങ്ങൽ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം, ബാലുശ്ശേരി | ഡോ.സുമയ്യ തോടങ്ങൽ, കെട്ടിന്റ കയ്യിൽ തച്ചംപൊയിൽ താമരശ്ശേരി- 673 573 |
| ഡോ.തൻസീറ കെ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ ബാലുശ്ശേരി ഹോമിയോ ഡിസ്പെൻസറി | ഡോ.തൻസീറ.കെ ശബനം തോട്ടോളി താഴക്കനി അത്തോളി (പി.ഒ.) 673 315 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി. പി4/1890/2021(1) തിയ്യതി.03.05.2023 | 4 | 30(1,2,5),33 |
| 2000-01 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി. പി4/1890/2021(1)തിയ്യതി.03.05.2023 | 4 | 10,4,6,7,8 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി4/1890/2021(3)തിയ്യതി.03.05.2023 | 1 | 4 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി4/1890/2021(4) തിയ്യതി.03.05.2023 | 5 | 2-2, 3-4(1),3-1,3-3,3-5 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി4/1890/2021(6)തിയ്യതി.03.05.2023 | 8 | 2-3,3-5,3-9, 3-10,3-11,3-12, 3-13,4-5 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി4/1890/2021(7)തിയ്യതി.03.05.2023 | 2 | 3-10,3-11 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി4/1890/2021(8) തിയ്യതി.03.05.2023 | 1 | 3-21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/823/13 തീയതി 13.08.2013 | 6 | 3-2, 3-9, 3-11, 3-12, 3-13, 4-3 |

| | | | |
|---|---|---|---|
| 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1890/2021(13)തിയ്യതി.03.05.2023 | 1 | 3-7 |
| 2012-13, 13-14 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1890/2021(14)തിയ്യതി.03.05.2023 | 1 | 3-20 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി4/1890/ 2021(15)തിയ്യതി.03.05.2023 | 6 | 2-1,2-2,3-6, 3-11,3-13, 3-14 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി4/1890 /2021(16)തിയ്യതി.03.05.2023 | 3 | 3-9,3-10,4-4 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി4/1890 /2021(17)തിയ്യതി.03.05.2023 | 3 | 2-1(7,9),2-10 |
| 2017-18 | കെ.എസ്.എകെ.കെ.ഡി.പി4/. 1890/2021(18)തിയ്യതി.03.05.2023 | 12 | 2-1, 2-2, 2-5(2), (5), 3-2(2), (3),3-7, 3-8(2), 3-9, 3-13, 3-14 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1890/2021(19)തിയ്യതി.03.05.2023 | 17 | 1-12(1,2,3,4,5), 1-13(1), 1-13(2), 1-13(3), 1-13(4), 1-14(2), 1-14(3), 1-14(5), 1-14(6), 1-14(12), 1-14(13), 2-1 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/11/2022 തീ.15.09.2022 | 49 | 1-1-1, 1-1-2, 1-2-1, 1-4-1,1-5,1-10-1, 1-10 (2),1-11 (1), 1-11 (3),1-12,1-13, 1-14 (എ),1-15(എ), 1-17, വരെയും 2-1,3-1, 3-2, 4-1 മുതൽ 4-11 വരെയും |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1277/2021 തീ.12.10.2021 | 45 | 1-1 മുതൽ 1-30 വരെയും 2-1, 2-2, 3-1, 3-2, 4-1 മുതൽ 4-11 വരെയും |
| 2021-22 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/ 362/2023 തീ.24.05.2023 | 22 | 1-1 മുതൽ 1-4 വരെ,1-6,1-7, 1-9(1,2,3,4), 1-10 മുതൽ 1-16 |

| | | | |
|---|---|---|---|
| | | | വരെ,1-18 മുതൽ 1-20 വരെ,1-22, 1-25,1-26,1-27, 1-28,1-30.3-1 |

ഡെപ്യൂട്ടി ഡയറക്ടർ ,
ജില്ലാ ഓഡിറ്റ് കാര്യാലയം , കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4/1 dated 10-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Balussery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Balussery Grama Panchayat for the year 2022-2023

Date: 05/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Balussery Grama Panchayat for the Year 2022-2023 .

**1.Major Observations**

1.Non Disclosure of assets

**2.Other Observations**

1.Comments relating to Ratios and Notes to accounts

2.Cash flow statement-Net increase in/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalence.

3.Directly debited by bank-Further action not taken

4.Cheques uncashed for more than 3 months were not transfered to Stale Cheque Account

5.Withdrawal without entry in bank book

6.Register not match with Financial statement

7.The following registers are not maintained/does not match with AFS

8.Lapses in making timely and accurate demand entries in respect of tax and non tax revenue

9.Depreciation not provided for assets by Journal entry

10.Expenditure in ACR not tally with AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്